# കേരള സർവകലാശാല

## ഒന്നാം വർഷ ബി എഡ് പ്രവേശനം 2024 – 25

## എയ്ഡഡ് ബി.എഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അഡ്മിഷൻ 22/07/2024 ന്.

## നിർദ്ദേശങ്ങൾ

- കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ബി.എഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ **റാങ്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

- **വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ പ്രക്രിയ നടത്തുന്നത്.**

- വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധരേഖകളും (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ) സഹിതം **ജൂലൈ 22 ന് 12 മണിക്ക് മുൻപായി അതാത് കോളേജിൽ ഹാജരാകേണ്ടതാണ്.** അല്ലാത്തപക്ഷം കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ പ്രക്രിയയിൽ നിന്ന് പുറത്താവുന്നതാണ്.

- വിദ്യാർത്ഥിക്ക് ലഭിച്ച റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. ആയതിനാൽ റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥി ഹാജരാകാത്ത പക്ഷം റാങ്ക് ലിസ്റ്റിലെ അടുത്ത ആളെ പരിഗണിക്കുന്നതാണ്. ഇങ്ങനെ സീറ്റ് നഷ്ടപ്പെടുന്ന വിദ്യാർത്ഥിക്ക് പിന്നീട് ആ സീറ്റ് ആവകാശപ്പെടാൻ സാധിക്കില്ല.

- നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ പ്രസ്തുത അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പൽ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സിയും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

- അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിലൂടെ ഓൺലൈനായി അടക്കേണ്ടതാണ്. ആയതിലേക്കുള്ള ലിങ്ക് കോളേജിൽ നിന്നും ആക്ടീവാക്കി നൽകുന്നതാണ്.

രജിസ്ട്രാർ

18/07/2024